ഉത്തരം

(എ) കേരളത്തിലെ കാർഷിക മേഖലയിലെ മാന്ദ്യം കർഷക തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കർഷക തൊഴിലാളികളുടെ വാർഷിക തൊഴിൽ ദിനങ്ങൾ ഏകദേശം 100 മുതൽ 150 ദിവസം മാത്രമാണ്. കർഷക തൊഴിലാളികൾ കാർഷിക മേഖല വിട്ട് മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) കർഷക തൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുകയായ പ്രതിമാസം 120 രൂപ എന്നത് ഏപ്രിൽ 2000-ൽ വർദ്ധിപ്പിച്ചിട്ടുള്ളതാണ്. ഈ തുക കുറവാണെന്നും ഇത് ഉയർത്തണമെന്നും കർഷക തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. തുക ഉയർത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. കുടിശ്ശിക തുക പരമാവധി കൊടുത്തു തീർക്കുവാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ബാർബർ തൊഴിലാളി ക്ഷേമനിധി

47 [2916] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജനുവരി മാസത്തിൽ നിലവിൽ വന്ന ബാർബർ തൊഴിലാളി ക്ഷേമനിധിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കൈത്തൊഴിലാളി വിഭാഗീയ തൊഴിലാളി സംഘടനയിൽനിന്നും ബാർബർ തൊഴിലാളി ക്ഷേമനിധിയുടെ കീഴിലേക്ക് വന്നിട്ടുള്ള ബാർബർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവർക്ക് പെൻഷൻ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 9,000 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(ബി, സി) ഉണ്ട്. 15 പേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്.

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി പെൻഷൻ

48 [2917] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾ പെൻഷനാകുമ്പോൾ നൽകുന്ന തുക നിലവിൽ നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly